കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

28(*238)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംകൊണ്ട് കൃഷിനാശം സംഭവിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ എന്തുതുക കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) കോട്ടയം ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം പൂർണ്ണമായും നൽകുവാൻ എന്തു തുക വേണ്ടിവരും;

(ഇ) 27.3.2000 കോട്ടയം ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം ഉണ്ടായ നാശനഷ്ടം പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര എന്ന് വ്യക്തമാക്കാമോ;

(എഫ്)ഈ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതിനു സമയബന്ധിതമായി ഒരു നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ&ബി) വളരെ മുമ്പുതന്നെ നിശ്ചയിച്ച മാനദണ്ഡങ്ങളാണ് തുടർന്നുവരുന്നത്. സാമ്പത്തിക ലഭ്യതയനുസരിച്ച് വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റിന് അഭിപ്രായമുണ്ട്.

(സി) കുടിശ്ശികയില്ല

(ഡി) കോട്ടയം ജില്ലയിൽ ഈ കാലവർഷത്തിൽ കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുവാൻ 32.95 ലക്ഷം രൂപ വേണം.

(ഇ) കോട്ടയം ജില്ലയിൽ 27.3.2000-ൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ 40,47,600 രൂപയുടെ കൃഷിനാശം ഉണ്ടായി. വിശദാംശം താഴെ കൊടുക്കുന്നു.

പഞ്ചായത്തിന്റെ പേര്	വിളനാശം (രൂപ)
1. മുത്തോലി	5,00,000 രൂപ
2. കൊഴുവനാൽ	1,12,500
3. അയർകുന്നം	42,600
4. വിജയപുരം	1,33,250
5. ഏറ്റുമാനൂർ	6,82,500
6. കാഞ്ഞിരപ്പള്ളി	1,50,000
7. വള്ളിക്കത്തോട്	2,68,750
8. ഏലിക്കുളം	3,55,000
9. വാഴൂർ	65,500
10. അകലകുന്നം	9,54,500
11. മേലുകാവ്	1,50,000
12. തിരുവാർപ്പ്	4,87,500

LIBRARY ARCHIVES Kerala Legislative Assembly

13. കുമരകം		1,43,500
		40,47,600

(എഫ്) റവന്യൂ വകുപ്പിൽനിന്നും ഇതിന് ആവശ്യമായിവരുന്ന തുക ലഭ്യമാക്കുന്നതിന് അടിയന്തിര ശ്രമങ്ങൾ നടത്തുന്നതാണ്.

കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

29 (*239)ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്നാണ് നിലവിൽ വന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സ്ഥാപനം എന്തെല്ലാം വാഹനങ്ങൾ വാങ്ങുവാൻ ആർക്കെല്ലാം ധനസഹായം നൽകിയിട്ടുണ്ട്;

(ഡി) ഈ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്;

(ഇ) ഈ സ്ഥാപനത്തിന്റെ ഭരണ സംവിധാനം എപ്രകാരമാണ്; വിശദവിവരം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ 27.2.91-ൽ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും 16.3.92 ൽ വാണിജ്യപരമായ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

(ബി) റിസർവ്വ് ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ബാങ്കിംഗ് ഇതര സ്ഥാപനമായ കെ.റ്റി.ഡി.എഫ്.സി വ്യക്തികൾക്കും മറ്റ് അർദ്ധ സർക്കാർ-സർക്കാർ സ്ഥാപനങ്ങൾക്കും, പ്രത്യേകിച്ച് കെ. എസ്.ആർ.ടി.സി.ക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വായ്പ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതുകൂടാതെ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പൊതുജനങ്ങളിൽനിന്നും സ്ഥിര നിക്ഷേപങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സ്ഥാപനം കെ.എസ്.ആർ.ടി.സിക്ക് പുതിയ പേസിസ്സുകൾ വാങ്ങുന്നതിനും വ്യക്തികൾക്ക് സ്വന്തം ആവശ്യത്തിന് ഇരുചക്ര വാഹനങ്ങളും കാറും വാങ്ങുന്നതിനും മറ്റ് ഇതര സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ തരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും വായ്പ അനുവദിച്ചുവരുന്നു. പുറമേ കെ.ടി.ഡി.സി.ക്ക് ലക്ഷ്വറി കോച്ചുകൾ വാങ്ങുന്നതിനും, കെ.എസ്, എഫ്.ഡി.സി.ക്ക് ഔട്ട്ഡോർ യൂണിറ്റും മറ്റ് വാഹനങ്ങളും വാങ്ങുന്നതിനും ഹോർട്ടികോർപ്പിന് പിക് അപ് വാനുകൾ വാങ്ങുന്നതിനും വായ്പ അനുവദിച്ചിട്ടുണ്ട്.

(ഡി) 1533 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(ഇ) കെ.ടി.ഡി.എഫ്.സി ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഈ സ്ഥാപനത്തിന്റെ ഭരണനിർവ്വഹണം വഹിക്കുന്നത് ട്രാൻസ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly